IX. പ്രത്യേക പരാമർശം

ഗിരിധാരാ പ്രോജക്ട് എക്സിക്യൂട്ടീവ് ഡയറക്ടർ അയച്ച കത്ത്

ശ്രീ. എൻ. രാജൻ: സർ, 2004-2005-ലെ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച് ഞാൻ ഈ സഭയിൽ സംസാരിച്ചതാണ്. അന്ന് ഞാൻ ഗിരിധാരാ പ്രോജക്ടുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. പന്ത്രണ്ടര കോടി രൂപ ചെലവാക്കിക്കൊണ്ട് വയനാട് ജില്ലയിലെ വൈത്തിരിയിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് എന്റെ പരിമിതമായ അറിവുകൊണ്ട് ഞാൻ ഈ സഭയിൽ അവതരിപ്പിച്ചതാണ്. അതുകഴിഞ്ഞ് അതിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ തോമസ് വർഗ്ഗീസെന്ന ഐ.എ.എസ്.കാരൻ എന്റെ വീട്ടിൽ കത്തയച്ചു. അതിന്റെ വിവരങ്ങൾ സംബന്ധിച്ച് വളരെ ആക്ഷേപിച്ചുകൊണ്ടുള്ള കത്തായിട്ടാണ് എനിക്കു തോന്നുന്നത്. ഈ സഭയിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ മുമ്പിൽവച്ച് സംസാരിച്ച കാര്യങ്ങളാണ്. അത് ഇവിടത്തെ രേഖകളിൽ ഉള്ളതാണ്. അതിനെ സംബന്ധിച്ച അന്വേഷണം ആ വകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. ആ കത്തിലെ വാചകം ഞാൻ വായിക്കാം. The present Executive Director has impeccable reputation. അദ്ദേഹംതന്നെ എഴുതിയതാണ്. If anybody alleges corruption against the Executive Director he or she should be a criminal. ഞാൻ ഈ സഭയിൽ സംസാരിച്ചതുകൊണ്ടാണോ ക്രിമിനലായത്? ....and somebody should have bribed him, ഞാൻ ആരിൽനിന്നും കൈക്കൂലി വാങ്ങിക്കൊണ്ടല്ല ഈ സഭയിൽ സംസാരിക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിച്ച് വളരെ ഉത്തരവാദിത്വത്തോടുകൂടി സംസാരിക്കാറുള്ള ഒരാളാണ് ഞാൻ. ..... should have bribed him or made him believe a false thing with ulterior motive. എനിക്ക് സഭയിൽ പറയാൻ വേറെ മോട്ടീവൊന്നുമില്ല. Corrupt people will see corruption everywhere like a jaundiced person, would see everything as yellowish. ബഹുമാനപ്പെട്ട ചെയറിന്റെ മുമ്പിൽ എന്റെ അവകാശം ഉപയോഗിച്ച് ഈ സഭയിൽ സംസാരിച്ചതിനാണ് സർക്കാരിലെ ഉന്നതോദ്യോഗസ്ഥൻ എനിക്കെതിരെ എന്റെ വീട്ടിൽ കത്തയച്ചത്. അതുകൊണ്ട് ബഹുമാനപ്പെട്ട ചെയർ വളരെ ഉചിതമായ നടപടി ഇക്കാര്യത്തിൽ എടുക്കണം. ആ തീരുമാനം അറിഞ്ഞതിനു ശേഷം മാത്രമേ ഈ വകുപ്പിനെക്കുറിച്ചു സംസാരിക്കുന്നുള്ളൂ എന്നു ഞാൻ തീരുമാനിച്ചതു തന്നെയാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട ഒരു അംഗത്തിന് നിർഭയമായി അഭിപ്രായം പറയാൻ അവകാശമുണ്ട്. അതിന്റെ പേരിൽ അംഗത്തിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്തുകൊണ്ട് ഇത്തരമൊരു കത്തയയ്ക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly